(5)	കോട്ടയം	81
(6)	ഇടുക്കി	78
(7)	എറണാകുളം	82
(8)	തൃശ്ശൂർ	82
(9)	പാലക്കാട്	121
(10)	മലപ്പുറം	118
(11)	കോഴിക്കോട്	93
(12)	വയനാട്	85
(13)	കണ്ണൂർ	70
(14)	കാസർഗോഡ്	48
	ആകെ	1380

(ബി) ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, ആരോഗ്യ വകുപ്പ് അദ്ധ്യക്ഷൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർമാർ എന്നിവർ ഒഴിച്ച് മറ്റ് ഉദ്യോഗസ്ഥൻമാർക്ക് മാത്രമായി വാഹനങ്ങൾ നൽകാറില്ല. മറ്റു വാഹനങ്ങൾ എല്ലാംതന്നെ വിവിധ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതലകൾക്ക് നൽകിയിട്ടുള്ളതാകുന്നു.

(സി) പ്രസ്തുത വാഹനങ്ങൾക്കെല്ലാം കൂടി 729 ഡ്രൈവർമാരുണ്ട്. വാഹന മില്ലാതെ ഡ്രൈവർമാരാരുംതന്നെ നിലവിലില്ല.

(ഡി) തിരുവനന്തപുരം നഴ്സിംഗ് കോളേജിൽ ഒരു വാഹനത്തിന് ഒരു ഡ്രൈവർ എന്ന രീതിയിൽ നിയമിച്ചിട്ടുണ്ട്.

(ഇ) ആരോഗ്യവകുപ്പിൽ വാഹനങ്ങൾ അനുവദിക്കുന്നത് പദ്ധതികൾ, പരിപാടികൾ, പ്രോജക്ടുകൾ എന്നിവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടാണ്. ആയതിന് മേൽപ്പറഞ്ഞതല്ലാതെ പ്രത്യേകിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ ഒന്നും നൽകിയിട്ടില്ല. എന്നാൽ താൽക്കാലികമായി മറ്റു വകുപ്പുകൾക്ക് നിയമവിധേയമായി വാഹനം നൽകാറുണ്ട്. പദ്ധതികൾക്കും പരിപാടികൾക്കും പ്രോജക്ടുകൾക്കുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ കഴിവതും പാലിക്കപ്പെടാൻ ശ്രദ്ധിക്കാറുണ്ട്.

ഫാമിലി വെൽഫെയർ പദ്ധതികൾക്കായി അനുവദിച്ച ഫണ്ടിൽനിന്നും വാഹനങ്ങൾ വാങ്ങുന്നതിനു വകയിരുത്തിയ തുക

114 [837] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയം 2003-04 വർഷം സംസ്ഥാനത്തിന് ഫാമിലി വെൽഫെയർ പദ്ധതികൾക്കായി അനുവദിച്ച ഫണ്ടിൽ പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് മാത്രമായി എന്തു തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫാമിലി വെൽഫെയർ സ്കീമിൽ ആകെ എത്ര വാഹനങ്ങൾ ഉണ്ടെന്നും കഴിഞ്ഞ മൂന്നു വർഷത്തിനുള്ളിൽ വാങ്ങിയ വാഹനങ്ങൾ എത്രയാണെന്നും അവയുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇപ്പോൾ ഏറ്റവും ഒടുവിലായി വാങ്ങിയ കാറിന്റെ വിശദാംശവും അത് ആരുടെ ഉപയോഗത്തിനുവേണ്ടിയാണ് വാങ്ങിയതെന്നും വെളിപ്പെടുത്താമോ;

(ഡി) ഇനിയും പുതിയ എത്ര കാറുകൾ വാങ്ങുവാനാണ് ഓർഡർ നൽകുകയോ, ഫയൽ നടപടികൾ നടന്നുവരികയോ ചെയ്യുന്നതെന്നു വെളിപ്പെടുത്താമോ;

(ഇ) പുതുതായി കൂടുതൽ വാഹനങ്ങൾ വാങ്ങുന്നതിനുപകരം ടി തുക ആരോഗ്യ വകുപ്പിനു കീഴിൽതന്നെയുള്ള വർക്ക്ഷോപ്പുകളുടെ നവീകരണത്തിനും കേടായി കിടക്കുന്ന വാഹനങ്ങളുടെ മെയിന്റനൻസിനാവശ്യമായ സ്പെയർ പാർട്ടുകൾ വാങ്ങാനും മറ്റും ഉപയോഗപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1,70,00,000 രൂപ (ഒരു കോടി എഴുപത് ലക്ഷം രൂപ) വാഹനങ്ങൾ വാങ്ങുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

(ബി) കേരള ആരോഗ്യ വകുപ്പ് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഫാമിലി വെൽഫെയർ സ്കീമിൽ ഒരു വാഹനം മാത്രമാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ ഫാമിലി വെൽഫെയർ സ്കീമിൽ ആകെ 604-ഓളം വാഹനങ്ങളുണ്ട്.

(സി) ഇപ്പോൾ ഏറ്റവും ഒടുവിലായി ഒരു മിറ്റ്സുബിഷി ലാൻസർ കാർ വാങ്ങിയിട്ടുണ്ട്. സംസ്ഥാനതല പദ്ധതി വിലയിരുത്തലിനും അവലോകനത്തിനും, മേൽനോട്ടം, നിയന്ത്രണം എന്നിവയ്ക്കും കൂടാതെ യുനിസെഫ്, യു.എൻ.എഫ്. പി. എ., ലോകബാങ്ക് തുടങ്ങിയവയുടെ പ്രതിനിധികൾ കുടുംബക്ഷേമ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതി അവലോകനത്തിനായി കേരളത്തിൽ വരുന്ന അവസരങ്ങളിൽ ഉപയോഗിക്കുവാനും കൂടിയാണ് ഈ വാഹനം വാങ്ങിയത്.

(ഡി) പുതിയ കാറുകൾ ഒന്നുംതന്നെ വാങ്ങുന്നില്ല.

(ഇ) ഈ വർഷം കുടുംബക്ഷേമ വിഭാഗത്തിലെ വാഹനങ്ങളുടെ മെയിന്റനൻസിനും സ്പെയർ പാർട്ടുകൾ വാങ്ങുവാനുമായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ ഓൺലൈൻ ലൈബ്രറി സംരംഭം

115 [838] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly